എസ്സ്.സി4/ 6087/2016

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം,
തിരുവനന്തപുരം.
തീയതി 15/04/2016.

## നോട്ടീസ്

വിഷയം: ജീവനക്കാര്യം: പൊ.മ.വ- മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീമതി. ഇ ജലജ-യെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 1. 07/11/2012-ലെ ഉത്തരവ് നമ്പർ എസ്സ്.സി4/18334/06.
2. 23/02/2016-ലെ കത്ത് നമ്പർ ഇ 1/227/2014.

സൂചനയിലെ കത്തിലൂടെ, പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം മലപ്പുറത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടി ഓഫീസിലെ മൂന്നാംഗ്രേഡ് ഓവർസിയറായ ശ്രീമതി ഇ ജലജ-യെ, സൂചന (1) പ്രകാരമുള്ള മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടിയാളുടെ നിവേദനവും, സേവനപുസ്തകം, നിയമന നിർദ്ദേശ ഉത്തരവ് എന്നിവയുടെ പകർപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്.

ആയതു പരിശോധിച്ചതിൻ പ്രകാരം, ടിയാൻ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന നിർദ്ദേശനമ്പർ RIA(3)/25525/01/GW തീയതി 09/11/2001-ൽ ഉൾപ്പെട്ടിട്ടുള്ളതും, പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 28/06/2002-ലെ ഉത്തരവ് നമ്പർ ഇബി5/53247/02 പ്രകാരം മൂന്നാം ഗ്രേഡ് ഓവർസിയറായി നിയമനം ലഭിച്ചിട്ടുള്ളതും, ടിയാൾ 08/07/2002-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ടിയാളുടെ പരിവീക്ഷാകാലം 25/07/2005-ലെ ഉത്തരവ് നമ്പർ EB5/10643/05 പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീമതി ഇ ജലജ-യെ സൂചന (1) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ റാങ്ക് നമ്പർ 226 (സി) എന്ന് നിശ്ചയിച്ച് ശ്രീമതി ആർ.ആർ കവിതയുടെയും (റാങ്ക് നമ്പർ 226 (ബി) ശ്രീ. വൈ. പത്രോസിന്റേയും (റാങ്ക് നമ്പർ 227) മദ്ധ്യേ ഉൾപ്പെടുത്താൻ ഇതിനാൽ തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിൽ പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർ, ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ ലഭ്യമല്ലാത്ത പക്ഷം, ടി തീരുമാനം അന്തിമമായി കൈക്കൊള്ളുന്നതാണ്.

Sd/-

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്

ഐ.റ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

SW